**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 442** **02-11-2021 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പാൽ ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ തന്നെ വർദ്ധനവ് ഉണ്ടാവുകയും സ്വയംപര്യാപ്തതയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയുമാണ്. 2014-15 ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്നു. 2015-16ൽ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നതെങ്കിൽ, 2017-18 ൽ സംസ്ഥാനത്തെ പാൽ ഉത്പാദനം ദേശീയ വളർച്ചാ ശരാശരിയേക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. 2020-21ൽ പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി ഇതര സംസ്ഥാനത്തെ ആശ്രയിക്കുന്ന സാഹചര്യത്തിലെത്തിയിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ സർക്കാർ ധനസഹായത്തോടെ 53 കോടിയോളം രൂപ ചെലവഴിച്ച് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | സംസ്ഥാനത്തെ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുന്നതിന് മിൽമയ്ക്ക് നിലവിൽ സംവിധാനമുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. അധിക പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിന് മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | | നിർമ്മിക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം മറ്റ് മൂല്യ വർദ്ധിത പാലുല്പന്നങ്ങളുടെ ഉല്പാദനവും ആരംഭിക്കാനാണ് പദ്ധതിയിടുന്നത്. മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും തന്നെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന വ്യക്തി കൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ